(ഡി) ഒരു വർഷം 20 കായിക താരങ്ങളെയാണ് തെരഞ്ഞെടുക്കുന്നത്. അതാതു വർഷം തന്നെ സെലക്ഷൻ നടത്തുന്ന കാര്യം ഉറപ്പു വരുത്തുന്നതാണ്.

(ഇ) ജോപോൾ അഞ്ചേരിക്ക്, ലോവർ ഡിവിഷൻ ക്ളർക്കായി നിയമനം നൽകാനാണ് ഉദ്ദേശിക്കുന്നത്.

ദേശീയ ടീമുകളിൽ പങ്കെടുക്കുന്നവർക്ക് ജോലി നൽകാൻ നടപടി

92 (2595) ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽക്കുമോ?

(എ) ദേശീയ ടീമുകളിൽ പങ്കെടുത്തു വരുന്ന കളിക്കാർക്ക് സംസ്ഥാനത്ത് ജോലി നൽകാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ;

(ബി) എങ്കിൽ ഈ സാമ്പത്തിക വർഷം എത്ര പേർക്ക് ജോലി നൽകാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള നിയമമനുസരിച്ച് ദേശീയ തലത്തിലുള്ള മത്സരത്തിൽ പങ്കെടുത്തതുകൊണ്ടു മാത്രം സ്പോർട്സ് കാട്ടാ നിയമനത്തിന് അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വിമൻസ് നാഷണൽ അത്ലറ്റിക്സിലെ വിജയികൾക്ക് ഗ്രേസ് മാർക്ക്

93 (2596) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽക്കുമോ?

(എ) 2005 ജനുവരിയിലെ വിമൻസ് ഫെസ്റ്റിവലിൽ അത്ലറ്റിക്സിൽ എത്ര സംസ്ഥാനങ്ങൾ പങ്കെടുത്തു; കേരളം ഏതെല്ലാം ഇനങ്ങളിൽ മത്സരിച്ചു; 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കിയവരുടെ പേരും ക്ളാസ്സും ക്രമത്തിൽ വെളിപ്പെടുത്തുമോ; ഇവർക്ക് ഗ്രേസ് മാർക്കോ, ക്യാഷ് അവർഡോ, ജോലിക്ക് പ്രത്യേക പരിഗണനയോ നൽകുമോ;

(ബി) ടേബിൾ ടെന്നീസ് മത്സരത്തിൽ ഫൈനലിൽ എത്തിയവരും ജയിച്ച വരും ആരൊക്കെയാണെന്നും അവരുടെ സ്കോർ എത്രയാണെന്നും അറിയിക്കുമോ; കേരളം ഇതിൽ എത്രാമതായി വന്നു;

(സി) ബാറ്റ്മിന്റൻ സിംഗിൾസ് ഫൈനലിൽ എത്തിയവരുടേയും ജയിച്ചവരുടേയും പേരുകളും, കേരളം ഇതിൽ എത്രാമതായിരുന്നുവെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly